'ഭരണഭാഷ-മാതൃഭാഷ'
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
4-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695 033.
ഫോൺ: 0471-2304594, 0471-2303229. ഫാക്സ്: 0471-2302990. ഇ-മെയിൽ: keralatribes@gmail.com

നമ്പർ പി.എം3-11333/22

തീയതി: 12-08-2022

# അനൗദ്യോഗിക കുറിപ്പ്

വിഷയം:- പട്ടികവർഗ വികസനം- നഴ്സിംഗ് ബിരുദമുള്ള പട്ടികവർഗ യുവതീ-യുവാക്കൾക്ക് ജർമ്മനി, യു.കെ രാജ്യങ്ങളിൽ തൊഴിൽ അവസരം- അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള പത്രകുറിപ്പ് പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്

സൂചന:-

നഴ്സിംഗ് ബിരുദമുള്ള പട്ടികവർഗ യുവതീ-യുവാക്കൾക്കായി പട്ടികവർഗ വികസന വകുപ്പ് ODEPC എന്ന സർക്കാർ അംഗീകൃത ഏജൻസി മുഖാന്തിരം ജർമ്മനി, യു.കെ എന്നീ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിശീലനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അപേക്ഷകരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊണ്ടുള്ള അറിയിപ്പ് എല്ലാ ദൃശ്യശ്രവ്യ മാധ്യമങ്ങളിലും PRD യുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ താൽപര്യപ്പെടുന്നു.

അസി.ഡയറക്ടർ (എസ്.പി.സി)

പകർപ്പ് : അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി)
ജൂനിയർസൂപ്രണ്ട് ബി-സെക്ഷൻ
ബി1- സെക്ഷൻ

M.S . 12.08.2022.

# പ്രസിദ്ധീകരണത്തിന്

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് കോഴ്സ് പൂർത്തിയായവർക്ക്/ Bachelor's Degree in Nursing / Post Basic B.Sc /Diploma in General Nursing/ Master Degree in Nursing യോഗ്യതയുള്ളവർക്ക് ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ്/ODEPC എന്ന സർക്കാർ ഏജൻസി മുഖാന്തിരം ജർമ്മനി, യു.കെ എന്നീ വികസിത രാജ്യങ്ങളിലെ ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം നൽകുന്നതിനും പരിശീലനാന്തരം പ്രസ്തുത രാജ്യങ്ങളിലെ ആശുപത്രികളിൽ ഉയർന്ന ശമ്പളത്തോടൊപ്പം ജോലി ലഭ്യമാക്കുന്നതിനുമുള്ള പരിശീലന പരിപാടി നടത്തുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

ജർമ്മനിയിൽ ജോലി ലഭ്യമാക്കുന്നതിന് ജർമ്മൻ ഭാഷ കൈകാര്യം ചെയ്യുന്നതിന് വേണ്ടിയുള്ള പരിശീലനത്തിന് 10 മാസവും യു.കെ യിൽ ജോലി ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പരിശീലനത്തിന് 2 മാസവുമാണ് കാലാവധി. നിലവിൽ ഓരോ കോഴ്സിനും 20 പേർക്ക് പരിശീലനം നൽകാനാണ് വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നതിന് സന്നദ്ധതയും യോഗ്യതയുമുള്ള പട്ടികവർഗ്ഗ യുവതി/യുവാക്കൾക്കാണ് അവസരമൊരുക്കുന്നത്. ജോലി ലഭിക്കുന്നത് യു.കെ, ജർമ്മനി രാജ്യങ്ങളിൽ ആയിരിക്കും. (നിലവിൽ പാസ്പോർട്ട് ഇല്ലാത്തവർക്ക് പ്രവേശനം നേടിയതിന് ശേഷം പാസ്പോർട്ട് എടുക്കാവുന്നതാണ്) അപേക്ഷിക്കുന്നവരിൽ നിന്ന് സ്ക്രീനിംങ് നടത്തിയായിരിക്കും പരിശീലനത്തിന് തിരഞ്ഞെടുക്കപ്പെടുന്നവരുടെ അന്തിമലിസ്റ്റ് തയ്യാറാക്കുന്നത്.

(അപേക്ഷകർ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ www.stdd.kerala.gov.in എന്ന ഔദ്യോഗിക വെബ്സൈറ്റിലെ Recruitment എന്ന മെനുവിലൂടെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി: 25.08.2022)

അസി. ഡയറക്ടർ (എസ്.പി.സി)

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ

8137932298
9446094595

M.S 12.08.2022.